II. **അനുമോദനം**

മി. സ്പീക്കർ: ഓർഡർ ... ഓർഡർ ...

സുനിത വില്യംസിനും സംഘത്തിനും അനുമോദനം

ഇന്ന് ലോകം ധീരവനിതയെന്ന് വാഴ്ത്തുന്ന സുനിത വില്യംസും സംഘവും ബഹിരാകാശ പര്യവേക്ഷണ യജ്ഞം പൂർത്തിയാക്കി സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്തിയിരിക്കുകയാണ്. ഒമ്പത് മാസത്തെ അതിദീർഘമായ ബഹിരാകാശ യാത്രയ്ക്ക് ശേഷമുള്ള ഈ മടങ്ങി വരവ് ധൈര്യത്തിന്റെയും അർപ്പണബോധത്തിന്റെയും ഉജ്ജ്വല പ്രതീകമായ ഇന്ത്യൻ വംശജയായ ശ്രീമതി സുനിത വില്യംസ് തന്റെ വിജയത്തിലൂടെ ലോകത്തിന് മുന്നിൽ ആത്മവീര്യം ഉയർത്തികാണിച്ചിരിക്കുകയാണ്. ഈ അസാധാരണ നേട്ടം നമ്മുടെ രാജ്യത്തിന്റെയും അഭിമാനമാണ്. ബഹിരാകാശ പര്യവേക്ഷണത്തിൽ ഈ വിജയം ലോകമെമ്പാടുമുള്ള സ്ത്രീകൾക്കും നമ്മുടെ യുവതലമുറയ്ക്കും പ്രചോദനമാകേണ്ടതാണ്. സ്വപ്നങ്ങൾക്ക് അതിരുകളില്ലെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നതാണ് സുനിത വില്യംസിന്റെ ഈ വിജയം. ഈ യാത്രയിൽ സുനിതയെ പിന്തുണച്ച ബാരി യൂജിൻ ബുച്ച് വിൽമോർ, നിക് ഹേഗ്, ആലക്സാണ്ടർ ഗോർബുനോവ് എന്നിവർക്കും ഈ നേട്ടത്തിൽ പങ്കാളിയായ എല്ലാവർക്കും ഈ സഭയുടെ പേരിലുള്ള ഹൃദയം നിറഞ്ഞ

ആശംസകൾ അറിയിക്കുന്നു.